Reg. No…………………………………………. Name…………………………………………… **22U112**

# B. A/B. Sc. DEGREE END SEMESTER EXAMINATION : OCTOBER 2022

SEMESTER **1: ADDITIONAL LANGUAGE : MALAYALAM**

COURSE: **19U1CCMAL1A : KATHA, NOVEL**

(*For Regular – 2022 Admission and Improvement / Supplementary - 2021/2020/2019 Admissions)*

Time: Three Hours Max. Marks: 75

## PART A

***Answer All ( 1 mark each)***

1. ഇറാനിമോസ്സെന്ന പേരിട്ടതാരാണ്?
2. ഗുരുസാഗരം എന്ന നോവൽ എഴുതിയതാര്?
3. "ബാക്കി ആറുവർഷം ഞാൻ പോയി ജയിലിൽ കിടന്നാൽ സമാധാനമാകുമോ" - ആരുടെ വാക്കുകൾ?
4. ലീല ആരുടെ കഥയാണ്?
5. "ഒരു പെണ്ണും ഒരാണും സർക്കാരു പറയുന്നതും അതന്നെ" ഏതു കഥയിലെ പരാമർശം?
6. "ഹൈന്ദവ മേൽജാതിക്കാരെന്നു പറയുന്ന ആരോ കൊടുത്ത ഓമനപ്പേരല്ല്യോ - ഹരിജനങ്ങൾ!" ഏതു കഥയിലെ പരാമർശം?
7. ഭൂമിയുടെ അവകാശികൾ ആരുടെ രചനയാണ്?
8. 'മങ്കളാവ് പണിതപ്പം എൻ വേലയ്ക്കു പോയി, അമ്മച്ചീ'- ഏത് കഥയിലെ പരാമർശം?
9. "ഇനി ഭരണം ഏൻ്റേതാണ് എന്ന് പറയുകയാണെന്ന് തോന്നും പൂച്ചയുടെ നോട്ടം കണ്ടാൽ". ഏത് കഥയിലെ പരാമർശം ആണ്?
10. അഭിനയമുഹൂർത്തങ്ങൾ എന്ന കഥയിൽ പരാമർശവിധേയമാകുന്ന എം. മുകുന്ദൻ്റെ രചന ഏതാണ്?

**(1 x 10 = 10)**

## PART B

***Answer any 8 ( 2 marks each)***

11. നവോത്ഥാനകഥകളുടെ സവിശേഷതകൾ വിവരിക്കുക?
12. "സുഖമായി മരിക്കുവാൻ ഏർപ്പെടുത്തി കൊടുക്കും ഞങ്ങൾ" സന്ദർഭം എഴുതുക?
13. തായ്കുലം എന്ന കഥയുടെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം?
14. **"**ഷെർലക്ക്, നമ്മൾ ഒരുമിച്ചാണ് ഇന്ന് ലഞ്ച്! എല്ലാ കണക്കുകളും നമുക്കിന്ന് പറഞ്ഞു തീർക്കണം." സന്ദർഭമെന്ത്?
15. **"**ഇന്നു തന്നെ ഡോക്ടറെ റിസൾട്ട് കാണിക്കാൻ കഴിഞ്ഞാൽ അതല്ലേ നല്ലത്**"** സന്ദർഭം എഴുതുക?
16. **"**റഷ്യയിൽ എല്ലാവരും ഇപ്പോൾ സ്റ്റാലിനെ വെറുക്കുന്നു. ഹിറ്റ്ലറെപ്പോലെ.**"** - നാലാം ലോകം എന്ന കഥയിലെ ഈ വാചകത്തിൻ്റെ പ്രസക്തിയെന്ത്?
17. കുറിപ്പെഴുതുക - ചാഞ്ചൻവല്യച്ചൻ.

18. നേരം വെളുത്തെഴുന്നേറ്റു നോക്കുമ്പം ദേ ഇതെല്ലാം പോയി നമ്മുടെ കടത്തിന്റവിടെ നിക്കുന്നു. സന്ദർഭമേത്
19. വർഷങ്ങളുടെ പരിശ്രമത്തിലൂടെ നിക്കോളച്ചൻ ശീലിപ്പിച്ചെടുത്തതാണത്. എന്താണ് സൂചിപ്പിക്കുന്നത്?
20. എൻ. എസ്. മാധവന്റെ രചനകളുടെ പൊതു സവിശേഷതകളെന്തെല്ലാം?

**(2 x 8 = 16)**

## PART C

***Answer any 5 ( 5 marks each)***

21. ശിങ്കിടി മുങ്കൻ എന്ന കഥയുടെ ആക്ഷേപഹാസ്യ സ്വഭാവം ഉദാഹരണസഹിതം വിവരിക്കുക?
22. പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന ബൈബിൾ വാചകം ഒറ്റപ്പെട്ടവനിൽ എത്രമാത്രം പ്രസക്തമാണ്?
23. പ്രാദേശികജീവിതത്തിന്റെ ആത്മനൊമ്പരങ്ങൾ കടൽത്തീരത്ത് എന്ന കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്നതെങ്ങനെ?
24. “അതാണ് സാറേ ഞങ്ങളുടെ കൂവലുകളുടെ അന്തർധാര.” പൂവൻക്കോഴി ഇങ്ങനെ പറയാൻ കാരണമെന്ത്?
25. ആറ്റംബോംബും ഹൈഡ്രജൻബോബും ന്യൂട്രോൺബോബും എല്ലാം ഒരുമിച്ചുതന്നെ പൊട്ടി. ലോകം ഞെട്ടി. വിശദീകരിക്കുക?
26. അധികാരത്തിൽ കുടുംബത്തിന്റെ നിയമസംഹിതകൾ എന്തെല്ലാം?
27. അധികാരത്തിൽ കുടുംബത്തിന്റെ സ്ത്രീവിരുദ്ധ സമീപനങ്ങൾ വിവരിക്കുക?

**(5 x 5 = 25)**

## PART D

***Answer any 2 (12 marks each)***

28. ചരിത്രത്തിന്റെ രാഷ്ട്രീയ ആഖ്യാനമാണ് കരിക്കോട്ടക്കരി എന്ന നോവൽ. ഈ പ്രസ്താവനയുടെ സാംഗത്യം വിവരിക്കുക?

**OR**

29. ഒരു വ്യവസ്ഥിതിയുടെയും അതിനു താങ്ങായി നിന്ന വിശ്വാസത്തിന്റെയും വിജയപരാജയങ്ങളിലേയ്ക്ക് രണ്ട് വൈമാനികർ തങ്ങളുടെ ഓർമകളിലൂടെ ഉറ്റുനോക്കുന്ന രചനയാണ് നാലാംലോകം. വിശദീകരിക്കുക?
30. സ്ത്രീപക്ഷകാഴ്ച്ചപ്പാടിന്റെ പശ്ചാത്തലത്തിൽ ‘പക്ഷിയുടെ മണം’ എന്ന കഥയെ വിശദീകരിക്കുക?

**OR**

31. “പാശ്ചാത്യജീവിത സംസ്ക്കാരത്തിലെ സമീപനങ്ങൾ വിചിത്രമായ രീതിയിൽ അവതരിപ്പി ക്കുന്ന കഥയാണ് ഷെർലക്ക്.” വിവരിക്കുക?

**(12 x 2 = 24)**

***********